# സൈത്ത് കൂദാശകർമ്മം

CATHOLIC BISHOP'S HOUSE,
THRISSUR - 1991

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# സൈത്ത് കൂദാശ

1. ദക്റീക്കേ:—രോഗിലേപനത്തിന്
2. മെത്തൽമെദാന:—മാമ്മോദീസായ്ക്ക്
3. ക്രിസ്മ (മൂറോൻ):—സ്ഥൈര്യലേപനം, പട്ടം എന്നിവയ്ക്ക്.

## ഒരുക്കങ്ങൾ

* വലിയ ആഴ്ചയിൽ ദിവ്യബലിയോടു ചേർന്നോ, ദിവ്യബലിയ്ക്ക് ശേഷമോ സൈത്തിന്റെ കൂദാശകർമ്മം നിർവ്വഹിക്കുന്നു.

* രോഗീലേപനത്തിനുള്ള ദക്റീക്കേ, മാമ്മാദീസായ്ക്കുള്ള മെത്തൽമെദാന, സ്ഥൈര്യലേപനം, പട്ടം എന്നിവയ്ക്കുള്ള ക്രിസ്മ എന്നീ ക്രമത്തിലാണ് കൂദാശകർമ്മം നടത്തുന്നത്.

* മെത്രാൻ തിരുവസ്ത്രങ്ങൾ അണിഞ്ഞ്, മുടിധരിച്ചും അംശവടിപിടിച്ചും സഹായ വൈദികരോടൊപ്പം മദ്ബഹായിൽ പ്രവേശിക്കുന്നു. പ്രവേശന പ്രദക്ഷിണത്തിന്റെ മുൻഭാഗത്തായി സൈത്തുപാത്രങ്ങൾ, ബാംസം (സുഗന്ധദ്രവ്യം) ധൂപക്കുററി തുടങ്ങിയവ സംവഹിക്കപ്പെടുന്നു. സൈത്തുപാത്രങ്ങൾ ബലിപീഠത്തിന് സമീപം ഒരുവശത്ത് സജ്ജമാക്കിയിരിക്കുന്ന പ്രത്യേക പീഠത്തിന്മേൽ വെയ്ക്കുന്നു.

* രൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ വൈദികരും ഈ തിരുകർമ്മത്തിൽ സഹായികളാകുന്നത് അഭിലഷണീയമാണ്.

* പ്രദക്ഷിണം മദ്ബഹായിൽ എത്തിക്കഴിയുമ്പോൾ, നടക്കുവാൻ പോകുന്ന തിരുകർമ്മങ്ങളെക്കുറിച്ച്

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



മെത്രാനോ സഹവൈദികനോ ജനങ്ങളെ ഹ്രസ്വമായി ഉദ്ബോധിപ്പിക്കുന്നു.

* പ്രദക്ഷിണസമയത്തു് ഗായകസംഘം അവസരോചിതമായ ഗാനം ആലപിക്കുന്നു.

## VI. കുർബാന ആരംഭിക്കുന്നു.

മെത്രാൻ : പിതാവിന്റേയും + പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ

സമൂ: ആമ്മേൻ

കാർമ്മി:
അന്നാ പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽ ചേർന്നീടാം
ഒരുമയോടീബലി അർപ്പിക്കാം.

സമൂ:
അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു് സ്തുതി (3)

സമൂ: ആമ്മേൻ (3)

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ: ആമ്മേൻ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ (സമൂഹവും ചേർന്നു്) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ./അങ്ങയുടെ തിരുമനസ്സ് / സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. / ഞങ്ങൾക്കു് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



തരണമേ,/ഞങ്ങളുടെ കടക്കാരോട്/ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. /ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. / ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. / എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും / എന്നേയ്ക്കും അങ്ങയുടെതാകുന്നു! ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു./ മാലാഖമാരും മനുഷ്യരും / അങ്ങ് പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ / എന്നു് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ:** നമുക്കു് പ്രാർത്ഥിയ്ക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, പ്രപഞ്ചത്തെ സംവിധാനം ചെയ്യുകയും, ഭൂമിയിൽ ഫലമൂലാദികളും സുഗന്ധവസ്തുക്കളും ഉൽപ്പാദിപ്പിച്ചു് ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമെ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. അങ്ങയോട് ഞങ്ങൾ നന്ദിപറയുന്നു. ആത്മാവിന്റേയും ശരീരത്തിന്റേയും ആരോഗ്യത്തിനും നന്മയ്ക്കുമായി ഞങ്ങൾ പരികർമ്മം ചെയ്യുവാൻ പോകുന്ന തൈലത്തിന്റെ കൂദാശകർമ്മ ശുശ്രൂഷയിൽ അങ്ങു സംപ്രീതനാകണമേ. അയോഗ്യരും ബലഹീനരുമായ ഞങ്ങളുടെ ശുശ്രൂഷ വഴി പരിശുദ്ധാത്മാവിന്റെ ആവാസം തൈലങ്ങളുടെ മേൽ ഉണ്ടാകുമാറാകട്ടെ. ഇവ ഉപയോഗിക്കുന്ന എല്ലാവർക്കും രോഗശാന്തിയും ആരോഗ്യവും എല്ലാ പൈശാചിക ഉപദ്രവങ്ങളിൽ നിന്നു് മോചനവും ലഭിയ്ക്കുമാറാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

(സങ്കീർത്തനം 104)

CHRISTIAN MUSICOLOGICAL SOCIETY of INDIA



[വിജ്ഞാപനം: പ്രപഞ്ചസ്രഷ്ടാവായ ദൈവം മനുഷ്യർക്കായി സജ്ജമാക്കിയിരിക്കുന്ന അത്ഭുതകരങ്ങളായ കാര്യങ്ങളെ ഒന്നൊന്നായി സങ്കീർത്തകൻ അനുസ്മരിക്കുന്നു. ആകാശത്തേയും ഭൂമിയേയും അവയിലുള്ള സകല ചരാചരങ്ങളേയും നമുക്കായി നൽകിയ നല്ലവനായ ദൈവത്തെ നമുക്കും സങ്കീർത്തകനോടൊപ്പം സ്തുതിക്കാം.]

കാർമ്മി: എൻെറ ആത്മാവെ, കർത്താവിനെ സ്തുതിക്കുക: ദൈവമായ കർത്താവു് ഏററവും വലിയവനാകുന്നു.

സമൂ: എൻെറ ആത്മാവെ......

കാർമ്മി: മഹത്വവും തേജസ്സും അങ്ങു ധരിച്ചിരിക്കുന്നു. പ്രകാശം മേലങ്കിയായി അണിഞ്ഞിരിക്കുന്നു.

സമൂ: എൻെറ ആത്മാവെ......

കാർമ്മി; കൂടാരത്തിൻെറ ആകൃതിയിൽ ആകാശത്തെ അവിടുന്നു് വിരിച്ചുനിർത്തി.

സമൂ: എൻെറ ആത്മാവെ......

കാർമ്മി: വെള്ളത്തിനു് മുകളിലായി മാളികകൾ നിർമ്മിച്ചു. മേഘങ്ങളെ വാഹനമാക്കി കാററിൻെറ ചിറകുകളിൽ സഞ്ചരിച്ചു.

സമൂ: എൻെറ ആത്മാവെ......

കാർമ്മി: കാററിനെ തൻെറ ദൂതന്മാരും ജ്വലിക്കുന്ന തീയെ ശുശ്രൂഷകരുമാക്കി.

സമൂ: എൻെറ ആത്മാവെ......

കാർമ്മി: ഭൂമിയെ അടിത്തറയിലുറപ്പിച്ചു. ഇനി ഒരിക്കലും അതു് ഇളകുകയില്ല.

സമൂ : എൻെറ ആത്മാവെ......

കാർമ്മി: വസ്ത്രം കൊണ്ടെന്നപോലെ ആഴികൊണ്ടു് അതിനെ ആവരണം ചെയ്തു.

സമൂ : എൻെറ ആത്മാവെ......

CHRISTIAN MUSICOLOGICAL SOCIETY of INDIA



സമൂ: ആമ്മേൻ.

[അനന്തരം മെത്രാൻ അല്പം ബാൾസം സൈത്തിൽ കുരിശാകൃതിയിൽ ഒഴിക്കുകയും വലത്തു കൈയുടെ ചൂണ്ടുവിരൽകൊണ്ട് ഇളക്കുകയും ചെയ്യുന്നു. തത്സമയം താഴെ വരുന്ന പ്രാർത്ഥന ചൊല്ലുന്നു.]

**മെത്രാൻ:** കൂദാശകളുടെ പരികർമ്മത്തിനും അജപാലകന്മാരുടെ അഭിഷേകത്തിനുമായി വിശുദ്ധീകരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള ഈ വിശുദ്ധ തൈലത്തിൽ, സുഗന്ധവാഹിയായ ഈ പരിമളതൈലം ഒഴിക്കപ്പെടുകയും + കലത്തപ്പെടുകയും + യോജിപ്പിക്കപ്പെടുകയും + ചെയ്തിരിക്കുന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്നേയ്ക്കും.

**സമൂ:** ആമ്മേൻ. ദൈവമേ അങ്ങേയ്ക്ക് സ്തുതി.

[മെത്രാൻ കൈകഴുകിത്തുടയ്ക്കുന്നു. അനന്തരം സഹായവൈദികൻ തിരുസൈത്ത് ആദരപൂർവ്വം പൂർവ്വസ്ഥാനത്ത് കൊണ്ടുചെന്ന് വയ്ക്കുന്നു. കാർമ്മികൻ ധൂപം വാഴ്ത്തുന്നു.]

**മെത്രാൻ:** കർത്താവേ, അങ്ങയുടെ സ്തുതിയ്ക്കും ഞങ്ങളുടെ പാപമോചനത്തിനുമായി ഈ സുഗന്ധദ്രവ്യം ഞങ്ങൾ സമർപ്പിക്കുന്നു. പാപിനിയായ മറിയം അങ്ങയുടെ ശിരസ്സിൽ പൂശിയ സുഗന്ധതൈലത്തിന്റെ പരിമളം ഇതിൽ + കലരട്ടെ. ആമ്മേൻ.

[സൈത്തു പാത്രങ്ങൾ വെച്ചിരിക്കുന്ന സ്ഥലത്ത് ചെന്ന് ധൂപിക്കുമ്പോൾ സമൂഹം താഴെ പറയുന്ന ഗാനം ആലപിക്കുന്നു.]

**ഗാനം**

**സമൂ:** മിശിഹാകർത്താവേ, നരകുലപാലകനേ,
ഞങ്ങളണച്ചിടുമീ പ്രാർത്ഥന നിൻമുമ്പിൽ
പരിമളമിയലും ധൂപംപോൽ
കൈക്കൊണ്ടരുളേണം—മിശിഹാ...

CHRISTIAN MUSICOLOGICAL SOCIETY OF INDIA



വിജ്ഞാപനം: സൈത്തിന്റെ ആശീർവ്വാദകർമ്മം അവസാനിച്ചു.

## സമൂഹപ്രാർത്ഥന

വൈദികൻ: നമുക്കെല്ലാവക്കും വിശ്വാസത്തോടും പ്രതീക്ഷയോടും കൂടെ അനുഗ്രഹദാതാവായ മിശിഹായെ ധ്യാനിച്ചുകൊണ്ട് ''കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ'' എന്നപേക്ഷിസ്സാം.

സമൂ; കർത്താവേ......

വൈദികൻ: സുഗന്ധവസ്തുക്കളും പരിമളസസ്യങ്ങളും ദൈവാരാധനസ്സും സമർപ്പണത്തിനുമായി ഉപയോഗിക്കുവാൻ പൂർവ്വപിതാക്കന്മാരെ പഠിപ്പിച്ച കത്താവേ, ഞങ്ങൾ പൂത്തിയാക്കിയ തൈലങ്ങളുടെ ആശീർവ്വാദത്തിൽ സംപ്രീതനാകണമെന്നു ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂ: കത്താവേ.........

വൈദികൻ: ഇന്ന് ഞങ്ങൾ ആശീർവ്വദിച്ച തൈലങ്ങൾ ഉപയോഗിച്ച് കൂദാശകൾ പരികർമ്മം ചെയ്യുന്നവരേയും കൂദാശകൾ സ്വീകരിക്കുന്നവരേയും അങ്ങയുടെ പരിശുദ്ധാത്മാവിനാൽ നിറസ്സണമെന്ന് ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂ: കത്താവേ.........

വൈദികൻ: ഈ തൈലങ്ങളുടെ ലേപനത്താലൊ അഭിഷേകത്താലോ അങ്ങേസ്സായി പ്രത്യേകം സമർപ്പിതരാകുന്ന വ്യക്തികൾ മരണംവരെ അങ്ങയുടെ സ്നേഹത്തിൽ നിലനില്ലവാനും മരണാനന്തരം അങ്ങയെ കണ്ടാനന്ദിക്കുവാനുമുള്ള അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ പ്രാത്ഥിക്കുന്നു.

സമൂ: കത്താവേ.........

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA



വൈദികൻ: ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച എല്ലാവർക്കും അങ്ങയുടെ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും നൽകി സമ്പന്നരാക്കണമെന്നു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ.........

വൈദികൻ: സാർവ്വത്രീക സഭയുടെ തലവനായ മാർ ...............പാപ്പായും ഞങ്ങളുടെ (അതി) രൂപതാദ്ധ്യക്ഷൻ മാർ.....................മെത്രാനും മററു വൈദികമേലദ്ധ്യക്ഷന്മാർക്കും അങ്ങയുടെ കൃപയും സമാധാനവും നൽകണമെന്നു് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ........

[അവസരോചിതമായ മററു പ്രാർത്ഥനകളും ചൊല്ലുന്നു.]

ശുശ്രൂ: ഞങ്ങളുടെ കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരേയും രക്ഷിക്കണമേ. നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർദ്ധിപ്പിക്കുകയും ഞങ്ങളെ അനുഗ്രഹിക്കയും ചെയ്യണമേ.

സമൂ: കർത്താവേ..... ...

ശുശ്രൂ: നമുക്കെല്ലാവർക്കും നമ്മേയും നാമോരുത്തരേയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

മെത്രാൻ: കർത്താവായ ദൈവമേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. അങ്ങയുടെ ദാനങ്ങൾ ഞങ്ങടെ മേൽ വർഷിക്കണമേ. അനന്തമായ കാരുണ്യത്താൽ അങ്ങു തിരഞ്ഞെടുത്ത ഈ അജഗണത്തിന്റെ പാപങ്ങൾ മോചിക്കുകയും അങ്ങേയ്ക്കായി കാത്തുസൂക്ഷിക്കുകയും ചെയ്യണമേ. അങ്ങേ തിരുരക്തത്താൽ വീണ്ടെടുത്ത ഈ ജനത്തെ അങ്ങയുടെ വചനത്താൽ അനുഗ്രഹിക്കുകയും അങ്ങയുടെ സത്യത്താൽ മുദ്രവെയ്ക്കുകയും അങ്ങയുടെ വിശുദ്ധ തൈലത്താൽ പവിത്രീകരിക്കുകയും ചെയ്യണമേ. സകലത്തിന്റേയും നാഥാ എന്നേയ്ക്കും.

സമൂ: ആമ്മേൻ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA



[തുടൎന്നു് തക്സയിലെ ക്രമം: കാൎമ്മികൻ കൈ കഴുകുന്നു.]

## സമാപനാശീൎവ്വാദം

[മെത്രാൻ അംശവടി പിടിച്ചും മുടി ധരിച്ചും സമാപനാശീൎവ്വാദം നൽകുന്നു.]

**മെത്രാൻ:** ലോകത്തെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. പൂൎവ്വപിതാക്കന്മാരായ അബ്രാഹത്തേയും ഇസഹാക്കിനേയും യാക്കോബിനേയും തെരഞ്ഞെടുത്തു് അനുഗ്രഹിച്ച ദൈവം നിങ്ങളേയും അനുഗ്രഹിക്കുമാറാകട്ടെ. ആരാധനയ്ക്കായി മൂശ നിൎമ്മിച്ച കൂടാരത്തേയും ബലിയൎപ്പണത്തിനായി ഉണ്ടാക്കിയ യാഗപീഠത്തേയും പവിത്രമാക്കിയ ദൈവം നമ്മുടെ ദേവാലയത്തേയും കുടുംബങ്ങളെയും പവിത്രീകരിക്കട്ടെ. അഹറോനേയും മക്കളേയും പുരോഹിതന്മാരായി അഭിഷേകം ചെയ്യുവാൻ മൂശയോടു കല്പിച്ച ദൈവം സഭയിലെ പുരോഹിതന്മാരേയും, സന്യാസിനി സന്യാസിമാരേയും, അത്മായ പ്രേഷിതരേയും പ്രസാദവരാവസ്ഥയിൽ കാത്തുപരിപാലിക്കട്ടെ. ഇവിടെ കൂദാശ ചെയ്യപ്പെട്ട തൈലങ്ങളാൽ ലേപനം ചെയ്യപ്പെടുന്നവരും അഭിഷിക്തരാകുന്നവരാരും എന്നും അനുഗ്രഹീതരായിരിക്കട്ടെ. ഇന്നത്തെ തിരുക്കൎമ്മങ്ങളിൽ സംബന്ധിച്ച നിങ്ങളെല്ലാവരേയും ദൈവം കനിഞ്ഞു് അനുഗ്രഹിക്കുമാറാകട്ടെ.

അഭിഷിക്തനും നിത്യപുരോഹിതനുമായ നമ്മുടെ കൎത്താവീശോമിശിഹായുടെ കൃപയും, പരിപാലകനും പിതാവുമായ ദൈവത്തിന്റെ സ്നേഹവും, ആശ്വാസദായകനും ചൈതന്യദാതാവുമായ പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും + എന്നേയ്ക്കും +

**സമൂ:** ആമ്മേൻ.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS